**കൊക്കക്കോള നൽകിയ പരാതിയുടെ അനുബന്ധമായുള്ള നിയമോപദേശത്തിന്റെ പുറത്ത് കേരളത്തിനോട് വിശദീകരണം ചോദിച്ച കേന്ദ്രത്തിന്റെ നടപടി സംസ്ഥാന സർക്കാറിനെ ആക്ഷേപിക്കുന്നതിന് തുല്യമാണെന്നും അങ്ങനെ ചോദിക്കാൻ കേന്ദ്രത്തിന് അവകാശമില്ല എന്നായിരുന്നു കേരളം ആദ്യം പറയേണ്ടിയിരുന്നതെന്നും**

**എൻ.കെ. പ്രേമചന്ദ്രൻ**

# കോളയുടെ ചോദ്യങ്ങൾക്ക് കേരളം മറുപടി പറയണോ?

ജയിലിൽ കഴിയുന്ന പ്ലാച്ചിമട സമരപ്രവർത്തകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തൃശൂർ കോർപ്പറേഷൻ ഓഫീസിന് മുന്നിൽ നടന്ന സത്യാഗ്രഹ സമരത്തെ അഭിസംബോധന ചെയ്ത് നടത്തിയ പ്രഭാഷണം

**കൊക്കക്കോളയുടെ** ആസ്തികൾ കണ്ടുകെട്ടി ജയിൽ കഴിയുന്ന സമരപ്രവർത്തകരെ ഞാൻ സന്ദർശിച്ചു. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിനെക്കുറിച്ച് കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിശദീകരണങ്ങൾക്കും അഭിപ്രായങ്ങൾക്കും 2011 നവംബർ 18ന് മറുപടി നൽകിയിട്ടുണ്ടെന്നും ബിൽ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ജലവിഭവകുപ്പ് മന്ത്രി ഫാക്സ് സന്ദേശം വഴി അറിയിച്ചതിനെ തുടർന്ന് ജയിൽ തുടങ്ങിയ നിരാഹാര സമരം അവസാനിപ്പിക്കാനുള്ള തീരുമാനം അവർ എന്നെ അറിയിച്ചിട്ടുണ്ട്. രാഷ്ട്രപതിയുടെ പരിഗണനയിലുള്ള ബില്ലിനെക്കുറിച്ച് കേന്ദ്രം ആവശ്യപ്പെട്ട വിശദീകരണത്തിന് കേരള സർക്കാർ മറുപടി നൽകി എന്ന് പറയുന്ന ദിവസത്തിന് ശേഷവും പലതവണ പ്ലാച്ചിമട സമരപ്രവർത്തകർ മുഖ്യമന്ത്രിയേയും വകുപ്പ് മന്ത്രിമാരെയും ബന്ധപ്പെട്ടിട്ടും മറുപടി നൽകി എന്ന വസ്തുത അവർ മറച്ചുവച്ചത് ട്രിബ്യൂണൽ ബിൽ അട്ടിമറിക്കാനുള്ള കോർപ്പറേറ്റ് ഇടപെടലുകൾ വ്യാപകമാകുന്ന സാഹചര്യത്തിൽ അത്യന്തം ഗൗരവമുള്ള കാര്യമാണ്. എത്രത്തോളം ഗൗരവത്തോടെയാണ് സംസ്ഥാന സർക്കാർ ഈ വിഷയം പരിഗണിക്കുന്നത് എന്നതിനെക്കുറിച്ചുള്ള എന്റെ ആശങ്ക ഈ അവസരത്തിൽ ഞാൻ പങ്കുവയ്ക്കുന്നു.

2011 നവംബർ 18ന് നൽകി എന്ന് പറയുന്ന വിശദീകരണക്കുറിപ്പ് വായിച്ചുനോക്കിയ ശേഷം മാത്രമെ കൂടുതലായി എന്തെങ്കിലും പറയാൻ കഴിയൂ. മറുപടി കൊടുത്ത വിവരം ജലവിഭവവകുപ്പ് മന്ത്രി ഇന്ന് അറിയുക്കുന്നതുവരെ അതിനെക്കുറിച്ച് കേരളത്തിൽ ആർക്കും വിവരമുണ്ടായിരുന്നില്ല. അത് തീർച്ചയായും പരിശോധിക്കപ്പെടേണ്ട വിഷയമാണ്. കേന്ദ്രസർക്കാർ ബില്ലിനെക്കുറിച്ച് കേരളത്തിനോട് വിശദീകരണം ചോദിച്ചതും വിചിത്രമായ കാര്യമാണ്. സാധാരണ ഗതിയിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി ഒരു ബില്ല് അയച്ചുകഴിഞ്ഞാൽ കേരള സർക്കാർ നിന്നും കേന്ദ്ര ആഭ്യന്തര വകുപ്പിനാണ് അത് ആദ്യം ലഭിക്കുന്നത്. ബില്ലിന്റെ നിയമപരവും ഭരണഘടനാപരവുമായ വശങ്ങളെക്കുറിച്ച് നിയമവകുപ്പിനോടും മുതിർന്ന അഭിഭാഷകരോടും കൂടിയാലോചിച്ച ശേഷം രാഷ്ട്രപതിയുടെ അംഗീകാരത്തിനായി ആഭ്യന്തര

**കാർട്ടൂൺ** **വി.എസ്. ഗിരീശൻ**



വകുപ്പ് ബിൽ അയച്ചുകൊടുക്കുകയാണ് പതിവ്. എന്നാൽ പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ കേരളത്തിൽ നിന്നും അയച്ച ശേഷം മാസങ്ങളോളം ആഭ്യന്തര മന്ത്രാലയത്തിന്റെ മേശപ്പുറത്തിരിക്കുകയായിരുന്നു. കൊക്കക്കോളയെന്ന ബഹുരാഷ്ട്രകുത്തകയുടെ രണ്ട് അഭിഭാഷകർ നൽകിയ നിയമോപദേശമടങ്ങുന്ന നിവേദനം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് ലഭിച്ച ശേഷമാണ് പിന്നീട് ബില്ലിന് അനക്കുമുണ്ടാകുന്നത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ബില്ലിനോട് സ്വീകരിക്കുന്ന പക്ഷപാതപരമായ നിലപാട് പകൽപോലെ വ്യക്തമാവുകയാണ് ഇവിടെ. കൊക്കക്കോളയുടെ അഭിഭാഷകർ നൽകിയ നിയമോപദേശവും നിവേദനവും അതേപടി സമർപ്പിച്ചുകൊണ്ട് കേരള സർക്കാറിന്റെ വിശദീകരണം തേടുന്ന നടപടി ഒരു ജനാധിപത്യ സംവിധാനത്തിന് ഒട്ടും അനുയോജ്യമല്ല. കോർപ്പറേറ്റ് കമ്പനി നൽകിയ പരാതിയുടെ അനുബന്ധമായി ചേർത്ത നിയമോപദേശത്തിന്റെ പുറത്ത് കേരളത്തിനോട് വിശദീകരണം ചോദിച്ച കേന്ദ്രത്തിന്റെ നടപടി സംസ്ഥാന സർക്കാറിനെ ആക്ഷേപിക്കുന്നതിന് തുല്യമാണ്. അങ്ങനെ ചോദിക്കാൻ കേന്ദ്രസർക്കാറിന് അവകാശമില്ല എന്നായിരുന്നു ആദ്യം കേരള സർക്കാർ പറയേണ്ടിയിരുന്നത്.

കൊക്കക്കോളയുടെ നിയമോപദേശവും നിയമവകുപ്പിൽ നിന്നുള്ള നിയമോപദേശവും ഭരണഘടനാ വിദഗ്ധരിൽ നിന്നുള്ള നിയമോപദേശവും ലഭ്യമായ ശേഷം വേണമെങ്കിൽ കേന്ദ്ര സർക്കാറിന് നേരിട്ട് കേരളത്തിനോട് വിശദീകരണം തേടാം. അല്ലാതെ കൊക്കക്കോളയുടെ പരാതിക്കോ അതിനോട് അനുബന്ധമായുള്ള നിയമോപദേശത്തിനോ മറുപടി നൽകേണ്ട ബാധ്യത കേരള സർക്കാറിനില്ല. കൊക്കക്കോളയുടെ പരാതിയുടെ മേൽ കേരളത്തിനോട് വിശദീകരണം ചോദിച്ച കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിലപാട് ജനാധിപത്യപരമായ സകല കീഴ്‌വഴക്കങ്ങളുടെയും നഗ്നമായ ലംഘനമാണ്, ഫെഡറൽ ജനാധിപത്യ സംവിധാനത്തോടുള്ള വെല്ലുവിളിയാണ്, നിയമനിർമ്മാണസഭയോടുള്ള കടുത്ത അനാദരവാണ്.

കേരള നിയമസഭ ഏകകണ്ഠമായി പാസാക്കി എന്ന് പറയുന്നുണ്ടെങ്കിലും ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ ശക്തമായ തടസ്സവാദങ്ങൾ പ്രതിപക്ഷം ഉന്നയിച്ചിരുന്നു. പ്ലാച്ചിമടയിലെ നഷ്ടപരിഹാരം കണക്കാക്കുന്നതിനായി കെ. ജയകുമാർ അധ്യക്ഷനായ ഉന്നതാധികാര സമിതി നിയോഗിച്ചപ്പോഴും പ്രതിപക്ഷം തടസ്സമുന്നയിച്ചിരുന്നു. അന്നത്തെ വ്യവസായ വകുപ്പ് സെക്രട്ടറി ടി. ബാലകൃഷ്ണൻ ബിൽ നടപ്പിലാക്കരുതെന്ന് ആവശ്യപ്പെട്ട് കേരള മന്ത്രിസഭയ്ക്ക് നേരിട്ട് വിയോജനക്കുറിപ്പെഴുതി. കേരളത്തിന്റെ വ്യാവസായിക മേഖലയെ ഈ നിയമം പൂർണ്ണമായും തകർക്കുമെന്നും സംരംഭകരൊന്നും കേരളത്തിലേക്ക് കടന്നുവരാൻ ഇത് കാരണമാകുമെന്നും ബാലകൃഷ്ണൻ വാദിച്ചു.

അതിനെയൊക്കെ അതിജീവിച്ചാണ് മന്ത്രിസഭ ഇച്ഛാശക്തിയോടെ തീരുമാനമെടുത്തത്. അത്തരം പ്രതിബന്ധങ്ങളെ തട്ടിമാറ്റി അംഗീകരിച്ച നിയമത്തിന് ചട്ടപ്രകാരമുള്ള അംഗീകാരം നൽകുന്നതിന് പകരം തടസ്സവാദങ്ങൾ ഉന്നയിച്ച് രാഷ്ട്രപതിക്ക് പോലും അയച്ചുകൊടുക്കാതെ തകർക്കാൻ ശ്രമിക്കുകയാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. ബില്ലിന്റെ രൂപരേഖ നിർമ്മിക്കുന്നതിന്റെ ചുമതലയുണ്ടായിരുന്ന അന്നത്തെ കേരള നിയമവകുപ്പ് കേന്ദ്ര ഗ്രീൻട്രിബ്യൂണലിനെക്കുറിച്ചും സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാരത്തെ സംബന്ധിച്ചും ബില്ല് രൂപീകരിക്കാനിടയായ സാഹചര്യത്തെക്കുറിച്ചും ബില്ലിന്റെ വിശദീകരണ പത്രികയിൽ വ്യക്തമായി പറയുന്നുണ്ട്. ആ വിശദീകരണ പത്രികയിൽ പറയുന്ന കാര്യങ്ങൾ അതേപടി എഴുതി ബിൽ ഒന്നുകൂടി കേന്ദ്രത്തിന് അയയ്ക്കുന്നതിന് പകരം കേരള സർക്കാർ ഇക്കാര്യത്തിൽ വരുത്തിയ കാലതാമസം അംഗീകരിക്കാൻ കഴിയാത്തതാണ്.

ബിൽ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി ഈ രൂപത്തിലുള്ള പ്രക്ഷോഭങ്ങൾ നടത്തേണ്ടിവന്നിട്ടും അതിനെ ഗൗരവമായി കാണാതിരിക്കുന്ന സർക്കാറിന്റെ സമീപനം ബിൽ യാഥാർത്ഥ്യമാകണമെങ്കിൽ തുടർന്നും അതിശക്തമായ പ്രക്ഷോഭങ്ങൾ നടത്തേണ്ടിവരും എന്നതിലേക്കാണ് നമ്മളെ എത്തിക്കുന്നത്. അത്തരമൊരു പ്രക്ഷോഭത്തിന് ശക്തിപകരുന്ന സംഭവമാണ് കൊക്കക്കോളയുടെ ആസ്തികൾ പിടിച്ചെടുത്ത് ജാമ്യം നിഷേധിച്ച് ജയിലിൽ പോയി നടത്തുന്ന ഈ സമരം. ഇത് ചരിത്രപ്രധാനമായിട്ടുള്ള ഒരു നിയമനിർമ്മാണമാണ്. **പരിസ്ഥിതി മലിനീകരണമുണ്ടാക്കിയവർ നഷ്ടപരിഹാരം നൽകണമെന്ന ഈ നിയമത്തിന് ഭൂപരിഷ്കരണ നിയമത്തോളം തന്നെ വലിയ ചരിത്രപ്രാധാന്യമുണ്ട്.** അത്തരത്തിലുള്ള നിയമനിർമ്മാണത്തെ തകർക്കാൻ നടക്കുന്ന ഏത് ശ്രമത്തേയും കൂടുതൽ കരുത്തോടെ നമുക്ക് ചെറുത്തുതോൽപ്പിക്കേണ്ടതുണ്ട്.